LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഇ.ബി.-യിലെ ഒഴിവുകൾ

9 (2247) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) മസ്ദൂർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ ബാക്കിയുള്ളതെന്ന് ജില്ല തിരിച്ച് അറിയിക്കുമോ ;

(സി) ലൈൻമാൻ, ഓവർസീയർ, സബ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കുമോ ; ഇതിൽ എത്രയെണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് ഇനം തിരിച്ച് അറിയിക്കുമോ ;

(ഡി) ഒഴിവുള്ള തസ്തികകളിൽ പ്രൊമോഷൻ നടത്താനും ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനും അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രവർത്തനം നിരന്തരമായി ഡയറക്ടർ ബോർഡ് വിലയിരുത്താറുണ്ട്. പദ്ധതികളുടെ അവലോകനം പ്ലാനിംഗ് ബോർഡ്, സർക്കാർ തലത്തിൽ നടത്തുന്നുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ മാനവശേഷി സംബന്ധിച്ച ഒരു സമഗ്ര പഠനത്തിന് കോഴിക്കോട് IIM-നെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ റിപ്പോർട്ട് പൂർത്തിയായിട്ടില്ല.

(ബി)

തിരുവനന്തപുരം	51
കൊല്ലം	5
പത്തനംതിട്ട.	2
ആലപ്പുഴ	15
കോട്ടയം	0
എറണാകുളം	0
ഇടുക്കി	0

തൃശ്ശൂർ	55
വയനാട്	0
മലപ്പുറം	0
പാലക്കാട്	27
കോഴിക്കോട്	0
കണ്ണൂർ	8
കാസർഗോഡ്	29

(സി)

ലൈൻമാൻ	0
ഓവർസിയർ	45
സബ് എഞ്ചിനീയർ	280 (പി.എസ്.സി. ക്വാട്ട)
അസിസ്റ്റന്റ് എഞ്ചിനീയർ	64 (പി.എസ്.സി. ക്വാട്ട)

ലൈൻമാന്റെയും ഓവർസീയറുടെയും ഒഴിവുകൾ പ്രൊമോഷൻ മുഖേനയാണ് നികത്തുന്നത്. സബ് എഞ്ചിനീയർ തസ്തികയിലെ 30 ശതമാനം പി.എസ്.സി. ക്വാട്ടയിലെ ഒഴിവുകളിൽ 200 എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു. ബാക്കി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടി ആരംഭിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ പി.എസ്.സി. ലിസ്റ്റിന്റെ കാലാവധി 13-12-2013-ൽ അവസാനിച്ചു. പ്രസ്തുത റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾ ഫയൽ ചെയ്ത W.P.(C) No.34684/2010 കോടതി വിധി പ്രകാരം 250 ഒഴിവുകൾ നിബന്ധനകൾക്കു വിധേയമായി 12-12-2013-ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

എൽ.ഇ.ഡി. ബൾബുകൾ

10 (2248) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എൽ.ഇ.ഡി. ബൾബുകൾ ഉപയോഗിക്കുന്നത് ഊർജ്ജ ഉപഭോഗം കുറയ്ക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly